**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 279** **12-03-2025 - ൽ മറുപടിയ്ക്ക്**

**കൃഷിഭവനുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള കൃഷി ഭവനുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്.<br><br>വകുപ്പുതല അവലോകനം, കൃഷി ഭവന്റെ പ്രവർത്തനം ജനകീയമായി വിലയിരുത്തുന്ന സോഷ്യൽ ഓഡിറ്റ്, കൃഷിഭവന്റെ സേവനത്തെ കുറിച്ച് കർഷകന് QR code മുഖേന സംവദിക്കുവാൻ കഴിയുന്ന അനുഭവം പോർട്ടൽ എന്നിവയിലൂടെ നിലവിൽ പ്രവർത്തനം വിലയിരുത്തുന്നുണ്ട്. കൂടാതെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ കൃഷി ഭവനുകളെ റാങ്ക് ചെയ്യാൻ നടപടി സ്വീകരിക്കും. |
| (ബി) | കർഷകരുമായി ആശയവിനിമയം നടത്താനുള്ള സൗകര്യവും തൈകൾ, വിത്തുകൾ, യന്ത്രങ്ങൾ എന്നിവ സൂക്ഷിക്കുന്നതിനുള്ള സ്ഥലവും ഇല്ലാത്ത കൃഷി ഭവനുകളിൽ പ്രസ്തുത പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | കൃഷിഭവനുകളുടെ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യങ്ങളും വികസിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ സംസ്ഥാനത്തെ കൃഷിഭവനുകൾ ഘട്ടം ഘട്ടമായി സ്മാർട്ട് കൃഷി ഭവനുകളാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. ഈ പ്രവർത്തനങ്ങൾ പൂർണ്ണതയിൽ എത്തുന്നതോടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടും. |
| (സി) | കൃഷി ഭവനുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി കർഷകർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | ഭൗതിക സാഹചര്യം മെച്ചപ്പെടുത്തിയും കർഷകർക്ക് നൽകുന്ന സേവനങ്ങൾ ത്വരിതപ്പെടുത്തിയും കൃഷി ഭവനുകളെ ശാക്തീകരിക്കുവാൻ സർക്കാർ ശ്രമം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ കൃഷി ഭവനുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും സേവനങ്ങൾ സാങ്കേതിക വിദ്യയിലധിഷ്ഠിതമാക്കി സമയബന്ധിതമായി നൽകുവാനും ഉതകുമാറ് സ്മാർട്ട് കൃഷിഭവനുകൾ ആക്കുവാനുള്ള നടപടികൾ 2022-23 സാമ്പത്തിക വർഷം മുതൽ ഘട്ടം ഘട്ടമായി ആരംഭിച്ചിരിക്കുകയാണ്. ഈ പദ്ധതിയുടെ ഭാഗമായി 80 കൃഷി ഭവനുകളെ സ്മാർട്ട് കൃഷിഭവൻ ആക്കുന്നതിനുള്ള നടപടികൾ വിവിധ |

| | | | |
|---|---|---|---|
| | | | ഘട്ടങ്ങളിലാണ്. ഈ കൃഷി ഭവനുകൾ നവീകരിക്കുകയും മോടിപിടിപ്പിക്കുകയും സാങ്കേതിക വിദ്യയിലധിഷ്ഠിതമായി ഫ്രണ്ട് ഓഫീസ് സംവിധാനം ശക്തിപ്പെടുത്തുകയും ചെയ്തു വരുന്നു.<br><br>വിവിധ പദ്ധതികളുടെ ആനുകൂല്യം കൈപ്പറ്റുന്നതിനായി അപേക്ഷ സ്വീകരിക്കുക, അതിന്മേലുള്ള സംശയങ്ങൾ ദൂരീകരിക്കുക, കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ, പദ്ധതി ആനുകൂല്യങ്ങൾ, അപേക്ഷ നൽകിയതിന്റെ സ്ഥിതി എന്നീ വിവരങ്ങൾ കർഷകർക്ക് ലഭ്യമാക്കുക എന്നിവയ്ക്കായി ഫ്രണ്ട് ഓഫീസ്, കർഷകർക്ക് ഓൺലൈൻ സംവിധാനത്തിൽ അപേക്ഷ സമർപ്പിക്കുവാനുള്ള സൗകര്യം എന്നീ സേവനങ്ങൾ ഇവിടെ ഒരുക്കിയിട്ടുണ്ട്.<br><br>തൈകൾ, വിത്തുകൾ, യന്ത്രങ്ങൾ എന്നിവ സൂക്ഷിക്കുന്നതിനായി സ്മാർട്ട് കൃഷി ഭവനുകളിൽ ഷെയ്ഡ് ഹൗസുകളും, ഉല്പാദന ഉപാധികൾ സൂക്ഷിക്കുന്നതിനുള്ള സംവിധാനവും വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ, സേവനങ്ങൾ ഡിജിറ്റൽ സാങ്കേതിക വിദ്യയിലധിഷ്ഠിതമാക്കി കൃഷിയിട പരിപാലനത്തിനും വിളകളുടെ സംരക്ഷണത്തിനും ആവശ്യമായ കൂടുതൽ അറിവുകൾ കർഷകർക്ക് നൽകുവാൻ ലക്ഷ്യമിടുന്നു. സാങ്കേതിക വിദ്യ സംയോജിപ്പിച്ച് കൃഷി ഭവനുകളെ നവീകരിക്കുകയും കൃഷി ഭവൻ പ്രവർത്തനങ്ങളെ മെച്ചപ്പെടുത്തുകയും ചെയ്യുന്നതിനാൽ കൃത്യ സമയത്ത് സേവനങ്ങൾ കർഷക സമൂഹത്തിനു ലഭ്യമാക്കുകയും കൃഷി ഓഫീസർ അടക്കമുള്ള ഉദ്യോഗസ്ഥർക്ക് ഫീൽഡ് സന്ദർശനത്തിന് കൂടുതൽ സമയം ലഭിക്കുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ